ഉത്തരം

(എ-സി) വൈദ്യുതി വിതരണ ലൈനുകളും ട്രാൻസ്ഫോർമറുകളും കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾമൂലം മാങ്കുളം പദ്ധതിയിൽ ഇപ്പോൾ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല. പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

174 (5579) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തശേഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എത്ര പദ്ധതികൾ എവിടെയെല്ലാം നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) ഇനിയും എത്ര പദ്ധതികൾ എവിടെയെല്ലാം നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ വിതരണ മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മൂവാറ്റുപുഴ നമ്പർ 1, മൂവാറ്റുപുഴ നമ്പർ 2, കല്ലൂർക്കാട്, കൂത്താട്ടുകുളം, വെള്ളൂർക്കുന്നം, കോലഞ്ചേരി എന്നീ സെക്ഷനുകളിലെ വിവിധ പ്രദേശങ്ങളിൽ 149 പ്രവൃത്തികളിലായി 72 കിലോമീറ്റർ 11 കെ.വി. ലൈൻ, 215 കിലോമീറ്റർ എൽ.റ്റി.ലൈൻ എന്നിവ നിർമ്മിക്കുകയും 128 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 0.4 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസരണ മേഖലയിൽ മൂവാറ്റുപുഴ സബ്സ്റ്റേഷനിൽ നിന്നും 14.14 കിലോമീറ്റർ 33 കെ.വി. ലൈൻ വലിച്ച് കല്ലൂർക്കാട് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചു. കൂടാതെ മൂവാറ്റുപുഴ സബ്സ്റ്റേഷനിൽ ഒരു 110/33 കെ.വി.16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചു.

(ബി) മൂവാറ്റുപുഴ നമ്പർ 1 സെക്ഷനിൽ 68-ഉം വെള്ളൂർക്കുന്നം സെക്ഷനിൽ 9-ഉം മൂവാറ്റുപുഴ നമ്പർ 2 സെക്ഷനിൽ 10-ഉം കല്ലൂർക്കാട് സെക്ഷനിൽ 21-ഉം കൂത്താട്ടുകുളം സെക്ഷനിൽ 40-ഉം കോലഞ്ചേരി സെക്ഷനിൽ 2-ഉം പ്രവൃത്തികളിലായി 34.5 കിലോമീറ്റർ 11 കെ.വി. ലൈൻ, 0.5 കിലോമീറ്റർ ത്രീ ഫേസ് ലൈൻ, 1.5 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ എന്നിവ നിർമ്മിക്കുവാനും 6 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈനാക്കി മാറ്റുവാനും 32 ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുവാറ്റുപുഴ സബ്സ്റ്റേഷനിൽ ഈ സാമ്പത്തിക വർഷം ഒരു പുതിയ 12.5 എം.വി.എ 110/11 കെ.വി. ട്രാൻസ്ഫോർമർ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ട്രാൻസ്ഫോർമറുകളിൽ നിന്ന് മോഷണം

175 (5580) ശ്രീ. എ. എ. ഷൂക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളം മേജർ ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ എത്ര ട്രാൻസ്ഫോർമറുകൾ കഴിഞ്ഞ നാലു വർഷത്തിനിടെ ഉപയോഗശൂന്യമായിട്ടുണ്ട് ;

(ബി) പ്രസ്തുത ഡിവിഷന്റെ പരിധിയിൽ വരുന്ന കുട്ടനാടൻ മേഖലകളിൽ മത്സ്യം പിടിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും ലൈനിൽനിന്നും ലൂപ്പ് വയർ സ്ഥാപിച്ച് വൈദ്യുതി മോഷ്ടിക്കുന്നതും ട്രാൻസ്ഫോർമറുകളിൽ നിന്ന് എണ്ണ മോഷ്ടിക്കുന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് ട്രാൻസ്ഫോർമറുകൾ കേടുവരുത്തുന്നതിന് കാരണമാവുന്നുണ്ടോ ;

(സി) എങ്കിൽ ഇത്തരം വൈദ്യുതി മോഷ്ടാക്കൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 231 ട്രാൻസ്ഫോർമറുകൾ കേടായിട്ടുണ്ട്.

(ബി) കുട്ടനാടൻ മേഖലകളിൽ നിന്നും മത്സ്യം പിടിക്കുന്നതിന് ലൈനിൽ നിന്നും ലൂപ്പ് വയർ സ്ഥാപിച്ച് വൈദ്യുതി മോഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു വിവരവും ബോർഡിൽ ലഭിച്ചിട്ടില്ല. എന്നാൽ 14-7-2009-ന് കുമരകം സെക്ഷന്റെ കീഴിൽ 4 ഹൗസ് ബോട്ടുകളിൽ ലൈനിൽ നിന്നും ലൂപ്പുവയർ ഉപയോഗിച്ച് വൈദ്യുതി മോഷണം നടത്തിയത് ബോർഡിന്റെ എ.പി.റ്റി.എസ്. വിഭാഗം കണ്ടെത്തുകയും ആയതിന് പിഴയിനത്തിൽ 6,68,862 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ട്രാൻസ്ഫോർമറുകളിൽ നിന്ന് എണ്ണ മോഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ട്രാൻസ്ഫോർമറുകൾ കേടു വരുത്തുന്നതിന് കാരണമാകാറുണ്ട്.

(സി) വൈദ്യുതി മോഷണം നടത്തിയ ബോട്ടുടമകളിൽ നിന്നും പിഴ ഈടാക്കുകയും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് നിരന്തരം പരിശോധന ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly